(ഡി) ഏലപ്പാറ—ബോണായി; ചിന്നാർ ഹെലിബറിയാ
വാഗമൺ—പശുപ്പാറ; പുള്ളിക്കാനം;
റോപ്പുവേകവല—കുപ്പക്കയം
കുട്ടിക്കാനം—പുല്ലുപാറ

മദ്യത്തിന്റെ ഉപഭോഗം

447 [796] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981–82; 1982–83; 1983–84; 1984–85 എന്നീ വർഷങ്ങളിൽ കള്ളിന്റെ ചെലവെത്ര; ചാരായത്തിന്റെ ചെലവെത്ര; വിദേശമദ്യത്തിന്റെ ചെലവെത്ര;

(ബി) 1985–86 വർഷത്തിൽ എത്രയാകുമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) വർഷംതോറും മദ്യത്തിന്റെ ചെലവ് വർദ്ധിച്ചുവരുന്നതു തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഓരോ കേരളീയന്റേയും ശരാശരി മദ്യപാനം ദിവസേന എത്രയാണ് എന്ന് ഏകദേശ കണക്ക് പറയുമോ?

ഉത്തരം

(എ)

വർഷം	കള്ള് ലിറ്റർ	ചാരായം ലിറ്റർ	വിദേശമദ്യം ലിറ്റർ
1981–82	1240624	18029091	28045506.775
1982–83	1070465	4262537	20551741.445
1983–84	1253361	22750197	26070470.885
1984–85	1120028	17641134	20585079.940

(പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് ജില്ലകൾ ഒഴികെ)

(ബി) കള്ള് ഉദ്ദേശം 12 ലക്ഷം ലിറ്റർ, ചാരായം ഉദ്ദേശം രണ്ട് കോടിലിറ്റർ, വിദേശമദ്യം ഉദ്ദേശം മൂന്നു കോടി ലിറ്റർ (ബിയർ ഉൾപ്പെടെ)

(സി) മദ്യപാനത്തിന്റെ ദുഷ്യങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള പരസ്യങ്ങളും മറ്റു നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഡി) കള്ള് — 0.00013 ലിറ്റർ
ചാരായം — 0.00215 ലിറ്റർ
വിദേശമദ്യം — 0.0032 ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly